# നിങ്ങളുടെ കാതുകളെയും കണ്ണുകളെയും നാവിനെയും ശിക്ഷണം ചെയ്യുവാൻ പഠിക്കുക

സാക് പുന്നൻ

WFTW 15 മാർച്ച് 2015

പുതിയ നിയമം, നമ്മുടെ ശാരീരികാവയവങ്ങളുടെ - പ്രത്യേകിച്ച് കാത്, കണ്ണ്, നാവ് - ശിക്ഷണത്തിന് വലിയ ഊന്നൽ നൽകിയിരിക്കുന്നു. ആത്മാവിന്റെ ശക്തിയാൽ ശരീരത്തിന്റെ പ്രവർത്തികളെ മരിപ്പിച്ചില്ലെങ്കിൽ നമുക്ക് ആത്മീയ ജീവിതം ആസ്വദിക്കാൻ കഴിയുകയില്ലെന്ന് റോമർ 8:13-ൽ പൌലൊസ് പറയുന്നു. 1 കൊരി. 9:27ൽ തന്റെ ശരീരത്തെ എത്ര കർക്കശമായിട്ടാണ് താൻ ശിക്ഷണം ചെയ്തതെന്ന് അദ്ദേഹം നമ്മോട് പറയുന്നു. വിശുദ്ധീകരണത്തിന്റെ എത്ര വലിയ അനുഭവം നമുക്കുണ്ടായിട്ടുണ്ടെങ്കിലും, അപ്പോഴും പൌലോസ് ചെയ്തതു പോലെ, നമ്മുടെ ജീവിതാവസാനം വരെ നമ്മുടെ ശാരീരികാവയവങ്ങളെ ശിക്ഷണം ചെയ്യേണ്ടതുണ്ട്.

നാം നമ്മുടെ ചെവികൾക്ക് നൽകുന്ന സംഭാഷണങ്ങൾ ഏതു വിധത്തിലുള്ളതാണെന്ന കാര്യത്തിൽ നാം പരിശീലിപ്പിക്കപ്പെടേണ്ടതുണ്ട്. നമ്മുടെ സമയം വ്യാജ വർത്തമാനം പരത്താനും ദൂഷണം പറയാനുമായി കൊടുത്തിട്ട് നമ്മുടെ ചെവികളെ ദൈവത്തിന്റെ ശബ്ദം കേൾക്കാനായി സമഞ്ജസപ്പെടുത്താൻ നമുക്ക് കഴിയില്ല.

നമ്മുടെ കണ്ണുകളെ, അതു നോക്കുന്നതിനും വായിക്കുന്നതിനും അനുവദിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽ - പ്രത്യേകിച്ച് ഈ നാളുകളിൽ- ശിക്ഷണം ചെയ്യപ്പെടേണ്ട ആവശ്യമുണ്ട്. തന്റെ കണ്ണുകളെ പതിവായി നിയന്ത്രിക്കപ്പെടാത്ത കാരണത്താൽ അനേകം മിഷണറിമാരും ദൈവത്തിന്റെ ദാസന്മാരും അസ്സന്മാർഗത്തിൽ വീണു പോയിട്ടുണ്ട്. ഈ മേഖലയിലുള്ള ശിക്ഷണ രാഹിത്യം മൂലം ശാശ്വതമായി ചിന്താ ജീവിത്തിൽ വീഴ്ച സംഭവിക്കുന്നവർ എത്ര അധികമാണ്! “വ്യർത്ഥ കാര്യങ്ങളിൽ നിന്ന് എന്റെ കണ്ണുകളെ തിരിക്കേണമേ’’ എന്നത് നമ്മുടെ നിരന്തരമായ പ്രാർത്ഥന ആയിരിക്കണം (സങ്കീ. 119:37).

നമ്മുടെ നാവും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ കീഴായിരിക്കേണ്ട ആവശ്യമുണ്ട്. ഒരുപക്ഷേ, മനുഷ്യ നാവിനേക്കാൾ വലിയതായി, ക്രിസ്തീയ സഭകളിൽ ആത്മീയ മരണം വ്യാപിപ്പിക്കുന്ന ഒരുപാധി വേറെ ഇല്ല. യെശയ്യാവ് ദൈവത്തിന്റെ വിശുദ്ധി ദർശിച്ചപ്പോൾ അദ്ദേഹത്തിന് മുഖ്യമായി ബോധ്യം വന്നത് തന്റെ നാവിനെ താൻ ഉപയോഗിച്ചുകൊണ്ടിരുന്ന വിധത്തെപ്പറ്റിയാണ്. ദൈവത്തിന്റെ വെളിച്ചത്തിൽ തന്നെത്തന്നെ കാണുന്നതിനു മുമ്പ് ഇത് അദ്ദേഹം വ്യക്തമായി മനസ്സിലാക്കിയിരുന്നില്ല.

യിരെമ്യാവിന് കർത്താവിൽ നിന്ന് ആരുളപ്പാടുണ്ടായതെന്തന്നാൽ തനിക്ക് ദൈവത്തിന്റെ വായ് ആയി തീരണമെങ്കിൽ, അവൻ തന്റെ നാവിനെ ഉപയോഗിക്കുന്ന കാര്യത്തിൽ ശ്രദ്ധാലു ആണെങ്കിൽ മാത്രമെ സാധിക്കൂ എന്നാണ്. തന്റെ സംഭാഷണത്തിൽ, അധമമായത് ഉത്തമമായതിൽ നിന്ന് വേർതിരിച്ചാൽ മാത്രം (യിരെ. 15:19).

ഈ പ്രവാചകന്മാർക്ക് തങ്ങളുടെ നാവിനെ ഉപയോഗിക്കുന്ന രീതിയുടെ കാര്യത്തിൽ അശ്രദ്ധരായിരിപ്പാൻ കഴിയില്ലായിരുന്നു. അങ്ങനെ അല്ലെങ്കിൽ ദൈവത്തിന്റെ വക്താക്കളായിരിക്കാനുള്ള പ്രത്യേകാവകാശം അവർക്ക് നഷ്ടപ്പെടുത്തേണ്ടി വരുമായിരുന്നു. അവർക്ക്, നിയന്ത്രണമില്ലാത്ത സംസാരം, വ്യർത്ഥഭാഷണം, ഏഷണി, ദൂഷണം കുറ്റപ്പെടുത്തൽ എന്നിവയ്ക്ക് വഴങ്ങിയിട്ട് മറ്റാരും അറിയാതെ രക്ഷപ്പെടാൻ കഴിയുമായിരുന്നില്ല. അങ്ങനെ ചെയ്തെങ്കിൽ അതിന്റെ ഫലമായി അവർക്ക് അവരുടെ വിളി നഷ് ടപ്പെട്ടു പോകുമായിരുന്നു. ഇന്ന് നമ്മുടെ കാലത്ത് നമുക്ക് ഒരു പ്രവാചകനും ഇല്ലാതെ പോയതിന് ഒരു കാരണം ഇതാകാം.

എപ്പോഴെങ്കിലും ദൈവം അവിടുത്തെ വചനം നമ്മുടെ അധരങ്ങളിൽ തന്നിട്ടുണ്ടെങ്കിൽ, പിന്നെ നമ്മുടെ ഈ നാവിനെ അവിടുത്തെ ശുശ്രൂഷയ്ക്കു മാത്രമായി സംരക്ഷിക്കാനുള്ള ഗൌരവമേറിയ ഒരു കടപ്പാട് നമ്മുടെ

മേലുണ്ട്. നമ്മുടെ ശരീരത്തിലെ അവയവങ്ങളെ ഒരു ദിവസം അവിടുത്തെ ഉപയോഗത്തിനായി സമർപ്പിക്കുകയും അടുത്ത ദിവസം നമ്മുടെ വിവേചനപ്രകാരം ഉപയോഗിക്കുന്നതിനായി അതു തിരികെ എടുക്കാനും നമുക്ക് സാധ്യമല്ല. ഒരിക്കൽ അവിടുത്തേക്ക് എന്തെല്ലാം സമർപ്പിച്ചിട്ടുണ്ടോ അതെല്ലാം നിത്യമായി അവിടുത്തേക്ക് തന്നെയാണ്.

ശരീര ശാസ്ത്രത്തിൽ, ഒരു ഡോക്ടർക്ക് മിക്കപ്പോഴും നമ്മുടെ നാവിൽ നോക്കിയിട്ട് നമ്മുടെ ആരോഗ്യസ്ഥിതി അളക്കാൻ കഴിയും, അതുപോലെ തന്നെയാണ് ആത്മീയ തലത്തിലും, യാക്കോബ് നമ്മോടു പറയുന്നത് ഒരുവന്റെ ആത്മീയതയുടെ തെളിവ് അവൻ തന്റെ നാവിനെ ഉപയോഗിക്കുന്ന രീതിയാണ് എന്നാണ് (യാക്കോ. 1:26). ഒരു മനുഷ്യന് തന്റെ നാവിനെ നിയന്ത്രിക്കുവാൻ കഴിഞ്ഞാൽ അവൻ സൽഗുണപൂർണ്ണനായ ഒരു മനുഷ്യനാണെന്നു പറയുവാൻ ധൈര്യപ്പെടുന്നു (യാക്കോബ് 3:2).